മലയാള മനോരമ
ESTABLISHED 1888
5 October 2018

# ദേശീയ മാരികൾച്ചർ കരടുനയമായി

കൊച്ചി ● കൂടുമത്സ്യകൃഷി, കക്കവർഗയിനങ്ങളുടെ കൃഷി, പെൻ കൾച്ചർ, പായൽ കൃഷി തുടങ്ങിയവയ്ക്കായി കടലിൽ പ്രത്യേക മാരികൾച്ചർ മേഖലകൾ (മാരികൾച്ചർ സോൺ) നിർദേശിക്കുന്ന ദേശീയ മാരികൾച്ചർ കരടുനയം തയാറായി.

വിവിധ സമുദ്രജല കൃഷികൾ പ്രോത്സാഹിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, വരുമാനം വർധിപ്പിക്കുക, സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കാനുള്ള നിർദേശങ്ങളാണു നയത്തിലുള്ളത്.

കേന്ദ്ര കാർഷിക മന്ത്രാലയത്തിനു കീഴിലെ നാഷനൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ (എൻഎഫ്ഡിബി) നിർദേശപ്രകാരം കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഡയറക്ടർ അധ്യക്ഷനായ വിദഗ്ധ സമിതിയാണ് കരടുനയം തയാറാക്കിയത്. പ്രതികരണങ്ങൾക്കായി 31 വരെ കരടുനയത്തിന്റെ പൂർണ രൂപം സിഎംഎഫ്ആർഐ, എൻഎഫ്ഡിബി വെബ്സൈറ്റുകളിൽ ലഭ്യമാണ്. കരടുനയത്തിന്റെ പൂർണ രൂപം ലഭിക്കാൻ: www.cmfri.org.in, www.nfdb.gov.in. പ്രതികരണങ്ങൾ 31ന് മുൻപ് അയക്കേണ്ട വിലാസം: info.nfdb.dpm@gmail.com.